## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2699** **24-06-2024 - ൽ മറുപടിയ്ക്ക്**

## തുറമുഖ ഭൂമി ടൂറിസം പ്രോജക്ടുകൾക്ക് വിട്ടു നൽകാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | കേരള മാരിടൈം ബോർഡിന്റെ ഉടമസ്ഥതയിലുള്ള തുറമുഖ ഭൂമി ടൂറിസം പ്രോജക്ടുകൾക്കായി വിട്ടു നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥലത്ത് എത്ര ഭൂമിയാണ് ഇതിനായി വിട്ടു നൽകാൻ തീരുമാനിച്ചിട്ടുള്ളതെന്നും നാളിതുവരെ എന്തൊക്കെ നടപടികൾ ഇതിനായി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | ഉപയോഗ ശൂന്യമായി കിടക്കുന്ന കെട്ടിടങ്ങളും തുറമുഖ ഭൂമിയും അളന്ന് തിരിച്ച് ബോർഡിന്റെ പേരിലാക്കി കയ്യേറ്റങ്ങൾ അവസാനിപ്പിക്കുകയും സാധ്യമായവ പി.പി.പി മാതൃകയിൽ ടൂറിസം, സമുദ്രാധിഷ്ഠിത വ്യവസായസാദ്ധ്യതകൾ എന്നിവ മുൻനിർത്തി പദ്ധതികൾ തയ്യാറാക്കി വികസിപ്പിക്കുവാൻ കേരള മാരിടൈം ബോർഡ് ലക്ഷ്യമിടുന്നു. ഇതിനായി ഒരു ലാൻഡ് മാനേജ്മന്റ് യൂണിറ്റിനെയും പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റിനെയും നിയോഗിച്ചിട്ടുണ്ട്.<br><br>വലിയതുറയിലെ തുറമുഖ ഭൂമിയും അതിൽ സ്ഥിതി ചെയ്യുന്ന ഗോഡൗണും കെട്ടിടങ്ങളും, തലശ്ശേരിയിലെ കടൽ പാലവും അനുബന്ധമായിട്ടുള്ള കെട്ടിടങ്ങളും സൗകര്യങ്ങളും അഴിക്കലിലെ ലൈറ്റ് ഹൗസും പരിസര പ്രദേശവും തുടങ്ങിയവ ടൂറിസം ഉൾപ്പെടെയുള്ള പ്രോജക്ടുകൾക്ക് പൊതു സ്വകാര്യ പങ്കാളിത്തത്തിൽ വികസന പ്രവർത്തനങ്ങൾ ആദ്യ ഘട്ടത്തിൽ ഏറ്റെടുത്തു നടത്താൻ മാരിടൈം ബോർഡ് ഉദ്ദേശിക്കുന്നു. |
| (ബി) | പി. പി. പി. മാതൃകയിലാണോ പദ്ധതി നടപ്പാക്കുന്നത്; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; നാളിതുവരെ ഏതൊക്കെ ഏജൻസികൾ പദ്ധതികൾ ഏറ്റെടുക്കുവാൻ മുന്നോട്ടുവന്നിട്ടുണ്ട് ? | (ബി) | മാരിടൈം ബോർഡിന്റെ നിയന്ത്രണത്തിലുള്ള എല്ലാ ആസ്തികളും ഫലപ്രദമായി പൊതുസ്വകാര്യ പങ്കാളിത്തത്തോടുകൂടി വികസിപ്പിച്ചെടുത്ത് കേരളത്തിന്റെ മാരിടൈം മേഖല വികസിപ്പിക്കുന്നതിന് ബോർഡ് ലക്ഷ്യമിടുന്നു. തുറമുഖ ഭൂമിയുടെ ഉടമസ്ഥത കേരളാ മാരിടൈം ബോർഡിൽ തന്നെ നിലനിർത്തി ദീർഘ കാലത്തേക്ക് പി.പി .പി മാതൃകയിൽ ഇവയെല്ലാം വികസിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. വളരെ കാലമായി ഉപയോഗശൂന്യമായി കിടന്നിരുന്ന കോഴിക്കോട് പോർട്ട് ബംഗ്ലാവ് കെട്ടിടം പി .പി .പി വ്യവസ്ഥയിൽ ഉപയോഗയോഗ്യമാക്കി സർക്കാരിനും ബോർഡിനും വരുമാനം നേടുന്ന ഒരു പ്രോജക്ട് ആക്കുന്നതിനായി 27-ാമത് ബോർഡ് യോഗത്തിൽ തീരുമാനിച്ചിരുന്നു. ഇതിനായി താൽപ്പര്യപത്രം |

| | | | |
|---|---|---|---|
| | | | ക്ഷണിച്ചപ്പോൾ പന്ത്രണ്ട് നിക്ഷേപകർ താൽപ്പര്യം പ്രകടിപ്പിച്ച് ബോർഡിനെ സമീപിച്ചിട്ടുണ്ട്. 15 കോടി മുതൽ 70 കോടി വരെയുള്ള ടൂറിസം പദ്ധതികൾക്കാണ് നിക്ഷേപകർ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുള്ളത്. നിക്ഷേപകരുടെ EOI പരിഗണിച്ച് ആർ എഫ് പി (Request for Proposal) ക്ഷണിക്കുന്നതും RFPയ്ക്കുള്ള പ്രതികരണം പരിശോധിച്ച് സംസ്ഥാനത്തിന് പ്രയോജനകരവും തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കപ്പെടുന്നതുമായ പി.പി.പി മാതൃകയിലുള്ള വികസനത്തിന് അനുയോജ്യരായ സ്വകാര്യ സംരംഭകരെ കണ്ടെത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ